"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - **കാസർഗോഡ് ജില്ല** - റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.50/2022/DMD തീയതി,തിരുവനന്തപുരം, 17/01/2022

---

പരാമർശം:- 1) സ.ഉ(എം.എസ്) നമ്പർ 384/2012/ഡി.എം.ഡി.,തീയതി 10/10/2012
2) സ.ഉ(എം.എസ്) നമ്പർ 378/2013/ഡി.എം.ഡി.,തീയതി 10/09/2013
3) സ.ഉ(എം.എസ്) നമ്പർ 447/2014/ഡി.എം.ഡി.,തീയതി,25/10/2014
4) സ.ഉ(എം.എസ്) നമ്പർ 194/2015/ഡി.എം.ഡി.,തീയതി,20/05/2015
5) സ.ഉ(എം.എസ്) നമ്പർ 343/2015/ഡി.എം.ഡി.,തീയതി,23/07/2015
6) സ.ഉ(എം.എസ്) നമ്പർ 3/2018/ഡി.എം.ഡി., തീയതി 27.03.2018

**ഉത്തരവ്**

കഴിഞ്ഞ കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തിരമായ പുനരുദ്ധാരണം (immediate restoration and improvement of the damaged infrastructure) അത്യാവശ്യമായി ചെയ്തുതീർക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നതിനാൽ 2021-22-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി **കാസർഗോഡ് ജില്ലയിൽ** താഴെപ്പറയുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയുടെ (ഒരു കോടി രൂപാ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

2) ജില്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രവൃത്തി നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD (Spl.Buildings), PWD (Roads & Bridges) എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെക്കൊണ്ടും നിർവ്വഹിക്കേണ്ടതാണ്. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രത്തെക്കൊണ്ടും നിർവ്വഹിക്കാവുന്നതാണ്. മേൽ പരാമർശം സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതും അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവാക്കാൻ പാടില്ലാത്തതും ആണ്. ഈ ചെലവ് "2245-02-106-99-കേടുപറ്റിയ റോഡുകളും പാലങ്ങളും നന്നാക്കി ഉപയോഗയോഗ്യമാക്കുന്നതിന്" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3) പരാമർശം (6)- ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിച്ച് പൂർത്തീകരിക്കുന്നതിനുള്ള സമയം ഭരണാനുമതി തീയതി മുതൽ ഒരു വർഷവും ആറ് മാസവുമാണ്. പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തി അനുവദിച്ച് ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഭരണാനുമതി തീയതി മുതൽ ആറ് മാസത്തിനുള്ളിൽ അനുവദിച്ച പ്രവൃത്തി നിർവ്വഹിക്കാനുള്ള കരാറിൽ ഏർപ്പെട്ട് പ്രസ്തുത കരാർ ജില്ലാകളക്ടർക്ക് സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുന്നതാണ്. പൂർത്തീകരിക്കപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശം ഉൾക്കൊള്ളുന്ന നിശ്ചിത പ്രൊഫോർമ സാക്ഷ്യപ്പെടുത്തി ഭരണാനുമതി തീയതി മുതൽ ഒരു വർഷവും ആറ് മാസത്തിനുമുള്ളിൽ (ഒന്നര വർഷത്തിനുള്ളിൽ) നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാകളക്ടർക്ക് നിർബ്ബന്ധമായും സമർപ്പിക്കേണ്ടതാണ്. പരാമർശം (6)-ലെ മറ്റ് വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

4) അനുവദിച്ചിരിക്കുന്ന പ്രവൃത്തികൾ ആവർത്തനം വരാത്ത രീതിയിലും സംസ്ഥാന ദുരന്ത പ്രതികരണ നിധി

മാനദണ്ഡം കർശനമായി പാലിക്കുന്നുണ്ടെന്ന് (സ്ഥല പരിശോധന നടത്തി അനുവദനീയമാണോ എന്നുൾപ്പെടെ) ഉറപ്പുവരുത്തിയും നിർവ്വഹിക്കേണ്ടതും ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹണം നടത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതുമാണ്.

| ക്രമ നം. | പുനരുദ്ധാരണ പ്രവൃത്തിയുടെ വിവരം | പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ നഗരസഭ | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | ബേഡകം-ചെമ്പക്കാട് റോഡ് | ബേഡഡുക്ക | 10 |
| 2 | പന്നിയാടി – മുള്ളംങ്കോട് റോഡ് | ബേഡഡുക്ക | 10 |
| 3 | മരുതട്ടക്കം – കൊല്ലാരംകോട് റോഡ് | ബേഡഡുക്ക | 10 |
| 4 | പായം – അരിച്ചെപ്പ് റോഡ് | ബേഡഡുക്ക | 10 |
| 5 | വീട്ടിയാടി – മാനടുക്കം റോഡ് | കുറ്റിക്കോൽ | 10 |
| 6 | കനീലടുക്കം -ബീംബുങ്കാൽ റോഡ് | കുറ്റിക്കോൽ | 10 |
| 7 | ആനക്കല്ല് - ഒറ്റമാവുങ്കാൽ - പുതിയപറമ്പ് റോഡ് | കുറ്റിക്കോൽ | 10 |
| 8 | കേളോത്ത് – കാരികൊച്ചി - തടം റോഡ് | പുല്ലൂർ - പെരിയ | 10 |
| 9 | ഏർമാന – ന്യൂജിബെട്ട് റോഡ് | ദേലംപാടി | 10 |
| 10 | സഞ്ചക്കടവ് പള്ളി - എടപ്പറമ്പ് റോഡ് | ദേലംപാടി | 10 |
| | ആകെ (ഒരു കോടി രൂപ മാത്രം) | | 100 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സാജു.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
ദുരന്ത നിവാരണ (എ4) സീറ്റ്

ഉത്തരവിൻ പ്രകാരം
Signed by Ajitha Beegum S
Date: 17-01-2022 15:36:38
Reason: Approved